"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വാണിമേൽ ഗ്രാമപഞ്ചായത്ത് - വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഉത്പാദനമേഖലയ്ക്ക് വകയിരുത്തേണ്ട വിഹിതം കുറവ് ചെയ്യുന്നതിനും അത് പശ്ചാത്തല മേഖലയിൽ അധികമായി ചെലവ് ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2455/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ. (സാധാ) നം. 1448/2024/LSGD; തീയതി 05.08.2024
3. വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.08.2024ലെ എസ്.സി1-3278/24 നമ്പർ കത്ത്
4. സ.ഉ.(കൈ) നം.09/2024/DMD; തീയതി 30.08.2024
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.09.2024ലെ LSGD/PD/30380/2024-DPLA1 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9,10,11 വാർഡുകൾ ഉൾപ്പെടുന്ന വിലങ്ങാട് പ്രദേശത്ത് 30.07.2024-നു ഉണ്ടായ കനത്ത ഉരുൾപൊട്ടലുകളിൽ ഒരു മനുഷ്യജീവൻ നഷ്ടപ്പെടുകയും മൂന്നൂറ് കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതായും മേൽ സാഹചര്യത്തിൽ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിക്കായി സർക്കാർ കൂടുതൽ തുക അനുവദിച്ച് നൽകണമെന്നും, പദ്ധതിയിലെ നിർബന്ധിത വകയിരുത്തലുകളും മേഖലാനിയന്ത്രണങ്ങളും ഒഴിവാക്കി നൽകണമെന്നും, അടിയന്തരമായി പ്രത്യേക പ്രോജക്ടുകൾക്കായി തുക വകയിരുത്തുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഭരണസമിതി തീരുമാനം വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം സർക്കാരിൽ ലഭ്യമാക്കി.

2. വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ മണ്ണിടിച്ചിലിന്റെയും, ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിന് പരാമർശം 2 ഉത്തരവ് പ്രകാരം 2024-25 വാർഷിക പദ്ധതിയിൽ മേഖലാ നിബന്ധനകളിൽ ഇളവ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് പ്രദേശത്തെ ഉരുൾപൊട്ടലിലെ ദുരിത ബാധിതർക്ക് പരാമർശം 4 പ്രകാരം സർക്കാർ വിവിധ അടിയന്തര ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടലിൽ നാശനഷ്ടം ഉണ്ടായ വീട്, കെട്ടിടങ്ങൾ എന്നിവയുടെ നഷ്ടപരിഹാരം തദ്ദേശഭരണസ്ഥാപനത്തിന് നൽകാൻ കഴിയില്ല. തകർന്ന റോഡുകളിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളവ പൂർവസ്ഥിതിയിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നതാണ്. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനും പണം ആവശ്യമാണ്. ഈ സാഹചര്യത്തിൽ വനിതാഘടക പദ്ധതി, പ്രത്യേക വിഭാഗങ്ങളുടെ പദ്ധതി തുടങ്ങിയവ പൂർണ്ണമായി ഒഴിവാക്കുന്നത് പരിഗണിക്കാനാകില്ല. എന്നാൽ റോഡുകൾ പുനർ നിർമ്മിക്കേണ്ട സാഹചര്യം പരിഗണിച്ച്, 2024-25 വാർഷിക പദ്ധതിയുടെ ഉത്പാദനമേഖലയുടെ വിഹിതം 30 ശതമാനത്തിൽ നിന്നും 15 ശതമാനമായി കുറവ് ചെയ്യുന്നതിനും അത് പശ്ചാത്തല മേഖലയിൽ അധികമായി (30+15= 45 ശതമാനം) ചെലവ് ചെയ്യുന്നതിനും വാണിമേൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തി നൽകുന്നതിന് ഐ.കെ.എം. നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, വാണിമേൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് - 673506
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോഴിക്കോട്
7. ജില്ലാകളക്ടർ, കോഴിക്കോട്
8. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
9. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോഴിക്കോട്
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 13-12-2024 16:41:41
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്